

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

# 29. ലോകമാന്യതിലകനും അരവിന്ദഘോഷും

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 29 | ലോകമാന്യതിലകനും അരവിന്ദഘോഷും . . . . | 1 |
| 1 | പാരമ്പര്യത്തിന്റെ കഴിവുകൾ . . . . . | 3 |
| 2 | ‘ഗീതാരഹസ്യം’ . . . . . . . . . . . | 4 |
| 3 | തിലകന്റെ വേദാന്തം . . . . . . . . . | 5 |
| 4 | ‘സ്വരാജ്യം എന്റെ ജന്മാവകാശം’ . . . | 6 |
| 5 | അരവിന്ദഘോഷ് . . . . . . . . . . . | 7 |
| 6 | തീവ്രവാദിയായ രാഷ്ട്രീയപ്രവർത്തകൻ | 8 |
| 7 | ദേശീയത്വത്തിന്റെ ആദ്ധ്യാത്മികത . . | 9 |
| 8 | രാഷ്ട്രീയജീവിതത്തിൽ നിന്ന് ആത്മീയവാദത്തിലേക്ക് . . . . . . . . . . . . . . . | 10 |
| 9 | അരവിന്ദന്റെ ഗീതാരഹസ്യം . . . . . | 11 |

# 29

# ലോകമാന്യതിലകനും അരവിന്ദഘോഷും

1905 ലെ ബംഗാൾ വിഭജനകാലത്ത് ബഹിഷ്കരണം, സ്വദേശി, ദേശീയവിദ്യാഭ്യാസം മുതലായ പരിപാടികളോടുകൂടി ഇന്ത്യയിലെ ജനങ്ങളെ സ്വാതന്ത്ര്യസമരത്തിലണിനിരത്തിയ രണ്ടുമഹാൻമാരായ നേതാക്കൻമാരാണ് ബാലഗംഗാധരതിലകനും അരവിന്ദഘോഷും. രണ്ടു പേരും പണ്ഡിതൻമാരായിരുന്നു. തത്വജ്ഞാനികളായിരുന്നു. രണ്ടുപേരും ഇന്ത്യയുടെ മഹത്തായ പാരമ്പര്യങ്ങളിൽ അഭിമാനം കൊണ്ടു. പക്ഷേ, രണ്ടുപേരുടെയും വീക്ഷണഗതികളിൽ മൗലികമായ ചില വ്യത്യാസങ്ങളുണ്ടായിരുന്നു.

1856-ൽ മഹാരാഷ്ട്രത്തിലെ രത്നഗിരി എന്ന സ്ഥലത്തു ജനിച്ച ബാലഗംഗാധരതിലകൻ 23-ാമത്തെ വയസ്സിൽ കോളേജുവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ആദ്യം ഒരദ്ധ്യാപകനെന്നനിലയിലും, പിന്നീട് ഒരു പത്രപ്രവർത്തകനെന്നനിലയിലും ജനങ്ങളെ സേവിച്ചു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ആക്രമങ്ങളെ മൂർച്ചയേറിയ ഭാഷയിൽ ആക്ഷേപിച്ചുകൊണ്ട് ലേഖനങ്ങളെഴുതിയതിന് അദ്ദേഹത്തിന്റെ പത്രം കണ്ടുകെട്ടപ്പെടുകയും അദ്ദേഹം അറസ്റ്റു ചെയ്യപ്പെടുകയുമുണ്ടായി. ജയിലിൽ നിന്നു ജനതാമദ്ധ്യത്തിലേക്ക് മടങ്ങിയെത്തിയശേഷം അദ്ദേഹം വീണ്ടും സാമൂഹ്യവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ മുഴുകി.

# 1 പാരമ്പര്യത്തിന്റെ കഴിവുകൾ

ജനങ്ങളുടെ ദേശീയബോധത്തേയും സമരോത്സുകത യേയും തട്ടിയുണർത്താൻ ഇന്ത്യയുടെ സാംസ്കാരിക വും രാഷ്ട്രീയവുമായ പാരമ്പര്യങ്ങൾക്ക് കഴിവുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. ഗണപതി-ഉത്സവം, ശിവാജി-ഉത്സവം മുതലായ ആഘോഷങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. 1839-ലാണ് ആദ്യമായി ഗണപതി-ഉത്സവം കൊണ്ടാടപ്പെട്ടത്. ഹിന്ദുക്കളുടെ വിശ്വാസമനുസരിച്ച് ഗണപതി ജ്ഞാനത്തിൻറേയും വിദ്യാഭ്യാസത്തിൻറേയും മൂർത്തിയാണ്. അതുകൊണ്ട് ധാരാളം ഹിന്ദുക്കൾ ഉത്സവത്തിൽ പങ്കുകൊള്ളാൻ തുടങ്ങി. ആദ്യകാലത്ത് ഗണപതിയുത്സവങ്ങൾ ഹിന്ദുമതോത്സവങ്ങളായിരുന്നു. തിലകൻതന്നേയും ഒരു ഹിന്ദുമത വിശ്വാസിയായിരുന്നു, എന്നാൽ ക്രമത്തിലദ്ദേഹം മതപരമായ സങ്കുചിത തത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം അവയെ ദേശീയാഘോഷങ്ങളാക്കി മാറ്റാൻ ശ്രമിച്ചു. ദേശീയപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് പ്രസംഗങ്ങളും പ്രചാരവേലകളും നടത്താൻ അവയുപയോഗിക്കപ്പെട്ടു.

1896-ൽ തുടങ്ങിയ ശിവാജി ജൻമദിനാഘോഷം ആദ്യം മുതൽക്കുതന്നെ ഒരു ദേശീയോത്സവമായിരുന്നു. അതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് തന്റെ 'കേസരി' എന്ന പത്രത്തിൽ തിലകൻ ഇങ്ങനെ എഴുതി:

> 'ഈ പ്രവർത്തനം കോൺഗ്രസ്സുപ്രവർത്തനം പോലെ ബുദ്ധിമുട്ടുള്ളതോ ചെലവുള്ളതോ അല്ല. എന്നാൽ അഭ്യസ്തവിദ്യർക്ക് ദേശീയോത്സവങ്ങളിലൂടെ കോൺഗ്രസ്സുകൊണ്ട് സാധിക്കാത്ത ഫലങ്ങൾ നേടാൻ കഴിയും. ഉത്സവത്തിലെ 'യാത്ര' യ്ക്ക് വലിയ പൊതുയോഗങ്ങളുടെ രൂപം കൊടുക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ലേ? ഈ ഉത്സവങ്ങളിലൂടെ ഗ്രാമങ്ങളിലെ ഏറ്റവുമധികം പാവപ്പെട്ടവരുടെ കുടിലുകളിലേക്കു പോലും രാഷ്ട്രീയ പ്രവർത്തനമെത്തിക്കാൻ കഴിയുകയില്ലേ? മതപ്രസംഗങ്ങൾ കേൾക്കാൻ പോകുന്നതുപോലെ കൂട്ടം കൂട്ടമായി ജനങ്ങൾ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുക്കാൻ വരുന്നില്ലെന്ന് നമ്മൾ ചിലപ്പോൾ ആക്ഷേപം പറയാറുണ്ട്. എന്നാൽ സഹജമായി ഒത്തു ചേരുന്നത് എവിടെയാണ്? നമ്മുടെ പൂർവ്വികൻമാർ ജനങ്ങൾക്ക് ഒത്തു ചേരുവാൻ പറ്റിയ സ്വാഭാവികമായ അവസരങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്. പക്ഷേ, നമ്മുടെ അഭ്യസ്തവിദ്യർ അവയെ വിലവയ്ക്കുന്നില്ല....സാധാരണക്കാരിൽ നിന്ന് വ്യത്യസ്തമായ ഒരു വർഗ്ഗമാണ് തങ്ങളെന്ന് അഭ്യസ്ത വിദ്യർ കരുതുന്നു. ഇതിനേക്കാൾ വലിയ വിഡ്ഢിത്തം വേറെയില്ല. അഭ്യസ്തവിദ്യർ ജനങ്ങളുടെ ഭാഗത്താണ്. ജനങ്ങളോടൊപ്പമാണ് അവർ അഭിവൃദ്ധിപ്പെടുകയോ അധഃപതിക്കുകയോ ചെയ്യുക. അതുകൊണ്ട് ഇക്കാര്യത്തിൽ തങ്ങളുടെ കടമ മനസ്സിലാക്കി പ്രവർത്തിക്കാൻ ഞങ്ങ ളഭ്യർത്ഥിക്കുന്നു.'

ബംഗാൾ വിഭജനകാലത്ത് പലപ്പോഴും ഉത്സവങ്ങളെ ഉപയോഗിച്ചു കൊണ്ടാണ് തിലകൻ പതിനായിരക്കണക്കിനുള്ള ജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിനെതിരായി അണിനിരത്തിയത്.

## 2 ‘ഗീതാരഹസ്യം’

ബംഗാൾ വിഭജനപ്രക്ഷോഭത്തെത്തുടർന്ന് 1908-ൽ തിലകൻ വീണ്ടും അറസ്റ്റുചെയ്യപ്പെടുകയും ആറുകൊല്ല ത്തെ ശിക്ഷയനുഭവിക്കുവാൻ ബർമയിലെ ‘മാണ്ഡാലേ’ എന്ന സ്ഥലത്തെ സെൻട്രൽ ജെയിലിലേക്ക് അയ യ്ക്കപ്പെടുകയും ചെയ്തു. അവിടെ ഏകാന്തതയിൽ കഴി ച്ചുകൂട്ടുന്നതിനിടയിലാണ് അദ്ദേഹം തന്റെ സുപ്രസിദ്ധ മായ ‘ഗീതാരഹസ്യം’ എഴുതിയത്. ഇരുപതുമാസത്തെ ജെയിൽ ജീവിതത്തിനു ശേഷം അദ്ദേഹമെഴുതിയ ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

> ‘ഞാൻ ‘ഗീതാരഹസ്യം’ എന്ന പുസ്തകം ഇതാ എഴുതി ക്കഴിഞ്ഞു. ഇതിൽ 15 അദ്ധ്യായങ്ങളുണ്ട്. വലിയൊരു മുഖവുരയും എഴുതീട്ടുണ്ട്. ഉദ്ദേശം 350 ഭാഗമുണ്ടാകും. ഇതിനെപ്പറ്റി ഞാൻ കഴിഞ്ഞ 20 കൊല്ലമായി ആലോ ചിച്ചുവരികയായിരുന്നു. പശ്ചാത്യതത്വജ്ഞാനികളുടെ പല ഗ്രന്ഥങ്ങളും ഇതിനായി ഞാൻ പരിശോധിച്ചു നോക്കി.’

തിലകന്റെ ‘ഗീതാവ്യാഖ്യാനം, മറ്റു പല വ്യാഖ്യാനങ്ങ ളിൽ നിന്നും തുലോം വ്യത്യസ്തമാണ്. ഗീതാധർമ്മത്തി ന്റെ രഹസ്യം കർമപരമാണ്, പ്രവൃത്തിപരമാണ് എന്ന ദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. മനുഷ്യനെ കർമോന്മുഖനാ ക്കുകയാണ്, എന്നുവച്ചാൽ ശത്രുക്കൾക്കെതിരായ സ്വാ തന്ത്ര്യസമരത്തിൽ അവന് ആവേശവും പ്രചോദനവും നൽകുകയാണ് ഭഗവദ്ഗീത ചെയ്യുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. നിവൃത്തിപരമായ ജ്ഞാ നം, യോഗം, ഭക്തി എന്നിവയുടെ മാർഗ്ഗമാണ് ശ്രീകൃ ഷ്ണൻ അർജ്ജുനന് ഉപദേശിച്ചു കൊടുത്തത് എന്നും കർ മമാർഗത്തെ കുറച്ചൊക്കെ പുകഴ്ത്തുന്നതുതന്നെ ഭക്തി, ജ്ഞാനയോഗങ്ങളുടെ മാർഗത്തെ ഊന്നാൻവേണ്ടി മാത്രമാണെന്നും വാദിച്ചവരെ എതിർത്തുകൊണ്ട് അദ്ദേ ഹം എഴുതി:

> ‘അർജ്ജുനൻ സന്ന്യസിച്ചു വൈരാഗ്യത്തോടെ ഭിക്ഷ യെടുത്ത് കാട്ടിലേക്കോ, കൗപീനം ധരിച്ച് ഉണങ്ങിയ വേപ്പിലയും തിന്നുകൊണ്ട് മരണപര്യന്തം യോഗാ ഭ്യാസം ചെയ്യാനായി ഹിമാലയത്തിലേക്കോ പോക ണമെന്ന് ശ്രീകൃഷ്ണന്റെ മനസ്സിലുണ്ടായിരുന്നില്ല. വി ല്ലിനും ശരത്തിനും പകരം അവന്റെ കൈയിൽ കുഴി താളവും മൃദംഗവും വീണയും കൊടുത്ത് അതുകളുടെ നാദഘോഷത്തിൽ ഭക്തിയോടെ ഭഗവനാമസങ്കീർ ത്തനം ചെയ്ത് ആ പ്രേമാനന്ദപ്രവാഹത്തിന്റെ ധിറുതി യിൽ കുരുക്ഷേത്രമാകുന്ന പുണ്യഭൂമിയുടെ മദ്ധ്യത്തിൽ, ഭാരതവർഷത്തിലന്നുണ്ടായിരുന്ന ക്ഷത്രിയ വീരന്മാ രാസകലം ഒന്നുചേർന്നു നിൽക്കുന്നതിന്റെ മുമ്പിൽ, ബൃഹന്നളയെപ്പോലെ വീണ്ടും നൃത്തം ചെയ്യണമെന്നും ശ്രീകൃഷ്ണനുദ്ദേശ്യമുണ്ടായിരുന്നില്ല.... അവിടവിടെ പല വിധത്തിലുള്ള കാരണങ്ങളെ വിശദീകരിച്ചതിനു ശേ ഷം ‘തസ്മാൽ’ (അതു ഹേതുവായിട്ട്) എന്ന പദത്തെ — അനുമാനത്തെ കാണിക്കുന്ന ആ മഹത്വമുള്ള പദ ത്തെ-ചേർത്ത്, ‘തസ്മാദ്യുദ്ധ്യസ്വ ഭാരത’ (ഹേ അർജ്ജു നാ, അതിനാൽ നീ യുദ്ധം ചെയ്യുക), ‘തസ്മാദുത്തിഷ്ഠ കൗന്തേയ യുദ്ധായ കൃതനിശ്ചയ:’ (അതിനാൽ യുദ്ധം ചെയ്യാനുറച്ചു കൊണ്ടു എഴുന്നേൽക്കുക) എന്നിങ്ങനെ വികല്പം കൂടാതെ കർമപരമായ ഉപദേശമാണ് ഭഗ വാൻ അർജ്ജുനനു നൽകിയത്.

# 3 തിലകന്റെ വേദാന്തം

വേദാന്തത്തിൽ തിലകനു വിശ്വാസമുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ വേദാന്തം ആത്മാവിന്റെ മടക്കുകളിലെ നിശ്ചലതയിലേക്കും നിഷ്ക്രിയത്വത്തിലേക്കും ഒളിച്ചോടിപ്പോകലല്ല; പിന്നെയോ ലൗകിക യാഥാർത്ഥ്യങ്ങളെ ധീരമായും ശാസ്ത്രീയമായും നേരിടാൻ ആവശ്യമായ ജ്ഞാനം സമ്പാദിക്കലാണ്. അദ്ദേഹം എഴുതുന്നു:

> ‘വേദാന്തമെന്നുവച്ചാൽ പ്രപഞ്ചത്തെ ഉപേക്ഷിച്ച് മോക്ഷത്തെ സാധിപ്പിക്കുന്ന ഒരു ശുഷ്കപ്രയത്നമാണെന്ന് ഇയ്യിടെയായി പലർക്കും ഒരു ധാരണയുണ്ടായിട്ടുണ്ട്. അതു തെറ്റാണ്. ലോകത്തിൽ കണ്ണിനു കാണാവുന്നതിന്റെ അപ്പുറത്ത്, ഞാനാരെന്നും സൃഷ്ടിയുടെ ആദിയിലുള്ള മൂലതത്വം ഏതാണെന്നും ആ തത്വത്തിനും എനിക്കും തമ്മിലുള്ള ബന്ധം എന്താണെന്നും മനസ്സിലായാൽ ഈ ജഗത്തിലുള്ള എന്റെ പരമലക്ഷ്യം ഏതാണെന്നു വ്യക്തമാവും. ആ ലക്ഷ്യം നേടാൻ ഏതു തരത്തിലുള്ള ജീവിതക്രമമാർഗ്ഗം സ്വീകരിക്കണം, ഏതു ലക്ഷ്യം ഏതു മാർഗ്ഗം കൊണ്ടു നേടാൻ കഴിയും, ഇത്യാദി ഗഹനങ്ങളായ പ്രശ്നങ്ങളെ ശാസ്ത്രീയമായി പര്യാലോചിക്കുകയാണ് വേദാന്തശാസ്ത്രം ചെയ്യുന്നത്. വാസ്തവം നോക്കുമ്പോൾ, പൊതുവിൽ നീതിശാസ്ത്രമെന്നുള്ളത് — അതായത്, പരസ്പരമുള്ള വ്യവഹാരങ്ങളിൽ മനുഷ്യർ എങ്ങനെ പ്രവർത്തിക്കണമെന്ന വിഷയത്തെപ്പറ്റിയുള്ള ശാസ്ത്രം — ഈ ഗഹനമായ വേദാന്തശാസ്ത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്.’

ചുരുക്കിപ്പറഞ്ഞാൽ തിലകന്റെ വേദാന്തം ലൗകികജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, അതിനെ ധൈര്യത്തോടും സമചിത്തതയോടും കൂടി നേരിടാനാവശ്യമായ ജ്ഞാനമാണ്. ലൗകികജീവിതം യഥാർത്ഥമാണെന്നും മനുഷ്യപ്രയത്നം കൊണ്ട് അതിനെ മാറ്റാൻ കഴിയുമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇഹലോകജീവിതം ദുഃഖവും നിരാശാജനകവുമാണെന്നു വാദിക്കുന്ന ആത്മീയ തത്വജ്ഞാനികളെ എതിർത്തു കൊണ്ട് അദ്ദേഹം എഴുതുന്നു:

> ‘സംസാരത്തിൽ സുഖത്തേക്കാൾ ദുഃഖമാണധികം എന്നു മഹാഭാരതത്തിൽ എവിടെ പറഞ്ഞിട്ടുണ്ടോ അവിടെത്തന്നെ, ‘നാടടക്കമുള്ള ദുഃഖത്തെക്കുറിച്ച് തൊഴിച്ചുകൊണ്ടിരിക്കുന്നത് യോഗ്യമല്ല; അതിനെപ്പറ്റി പിറുപിറുത്തു കൊണ്ടിരിക്കാതെ അതിന്റെ പ്രതികാരാർത്ഥമായി തനിക്കെന്തെങ്കിലും ഒരുപായം തോന്നുന്നുണ്ടെങ്കിൽ അതു ചെയ്യണം.’ എന്ന് ബൃഹസ്പതിയോട് മനുവും ശുകനോട് നാരദനും പറഞ്ഞിട്ടുണ്ട്. സംസാരം ദുഃഖമയമാണെങ്കിൽക്കൂടി ജനങ്ങൾക്കുണ്ടാകുന്ന ആ ദുഃഖത്തെ ചുരുക്കാനുള്ള പ്രവൃത്തിയാണ് മനുഷ്യൻ ചെയ്യേണ്ടത് എന്ന തത്വം മഹാഭാരതകർത്താവിനും സമ്മതമാണെന്ന് ഇതിൽനിന്നു സ്പഷ്ടമായി.’

## 4 ‘സ്വരാജ്യം എന്റെ ജന്മാവകാശം’

ജയിൽ ജീവിതത്തിന്റെ യാതനകൾകൊണ്ട് ശരീരം വളരെയധികം ക്ഷീണിച്ചുകഴിഞ്ഞിരുന്നുവെങ്കിലും ശിക്ഷാവിധി കഴിഞ്ഞു അദ്ദേഹം പുറത്തുവന്നത് പൂർവാധികം ഉന്മേഷത്തോടും കർമധീരതയോടും കൂടിയാണ്. മറ്റു ചില നേതാക്കന്മാരുമായി യോജിച്ചുകൊണ്ട് അദ്ദേഹം ഹോംറൂൾ പ്രസ്ഥാനം കെട്ടിപ്പെടുത്തു. ‘സ്വരാജ്യം എന്റെ ജന്മാവകാശമാണ്; ഞാനതു നേടുകയും ചെയ്യും.’ എന്നദ്ദേഹം ദൃഢസ്വരത്തിൽ പ്രഖ്യാപിച്ചു. ഈ കർമോത്സുകതയ്ക്കാവശ്യമായ കരുത്ത് ഭഗവദ് ഗീതയിൽനിന്നാണ് തനിക്കു ലഭിച്ചത് എന്നദ്ദേഹം വിശ്വസിക്കുകയും ചെയ്തു.

ദേശീയപ്രസ്ഥാനത്തിൽ ഒരു തലമുറയെ മുഴുവൻ ആവേശം കൊള്ളിച്ച ഒരു ഗ്രന്ഥമായിത്തീർന്നു തിലകന്റെ ‘ഗീതാരഹസ്യം.’ 1915-ലാണ് അത് ആദ്യമായി അച്ചടിച്ചു പുറത്തുവന്നത്. ഒന്നാം പതിപ്പ് 6000 കോപ്പി ഒരാഴ്ചയ്ക്കുള്ളിൽ വിറ്റുതീർന്നുവെന്നാണ് പറയപ്പെടുന്നത്. ജനങ്ങളിൽ അത് എത്രത്തോളം സ്വാധീനശക്തി ചെലുത്തി എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

തിലകൻ അവസാനംവരേയും ഒരു കർമധീരനായിരുന്നു. 1920 ആഗസ്റ്റ് 1-ാം തീയതി അദ്ദേഹം ചരമം പ്രാപിച്ചു. മരിക്കുന്നതിന്റെ മൂന്നുദിവസങ്ങൾക്കു മുമ്പ് രോഗശയ്യയിൽ കിടന്ന് ബോധമില്ലാതെ ‘പിച്ചും പേയും’ പറയുന്നതിനിടയിൽപ്പോലും അദ്ദേഹം പറഞ്ഞതിതാണ്:

> ‘സ്വരാജ്യംകിട്ടാതെ ഇന്ത്യ അഭിവൃദ്ധിപ്പെടുകയില്ല. നമ്മുടെ നിലനിൽപ്പിന് അത് അത്യാവശ്യമാണ്.’

## 5 അരവിന്ദഘോഷ്

തിലകന്റെ മരണസമയത്ത് അരവിന്ദഘോഷിന് 48 വയസ്സായിരുന്നു. പക്ഷേ, അപ്പോഴേക്കും അദ്ദേഹം രാഷ്ട്രീയജീവിതത്തിൽ നിന്നെല്ലാം വിരമിച്ച് ഒരു യോഗിയായിക്കഴിഞ്ഞിരുന്നു. തിലകൻ തന്റെ 16-ാമത്തെ വയസ്സിൽ പൂനാ ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്താണ് കൽക്കത്തയിൽ അരവിന്ദഘോഷ് ജനിച്ചത്.

ഇംഗ്ലീഷുബാലന്മാരും ആംഗ്ലോഇന്ത്യൻ ബാലന്മാരും മാത്രം പഠിച്ചു വന്ന ദാർജിലിംഗിലെ ലോററ്റോ കോൺവെൻറ് സ്കൂളിലാണ് അരവിന്ദൻ വിദ്യാഭ്യാസമാരംഭിച്ചത്. ഏഴാമത്തെ വയസ്സിൽ 1879-ൽ അദ്ദേഹം ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലെ കേംബ്രിഡ്ജിലെ കിങ്ങ്സ് കോളേജിൽ ചേർന്നു. ഇംഗ്ലീഷ്, ബങ്കാളി എന്നിവയ്ക്കു പുറമേ ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, സ്പാനിഷ്, എന്നീ ഭാഷകൾ പഠിച്ചു. 18-ാമത്തെ വയസ്സിൽ ഐ.സി.എസ് പരീക്ഷയ്ക്കു ചേർന്നു. കായികാഭ്യാസവിഷയത്തിൽ തോറ്റുപോയി. മറ്റെല്ലാ വിഷയങ്ങളിലും സ്തുത്യർഹമായ വിജയം നേടിയെങ്കിലും കായികപരീക്ഷയിൽ തോറ്റതു കൊണ്ട്ഐ.സി.എസ് ബിരുദം കിട്ടിയില്ല. ലണ്ടനിൽനിന്നു മടങ്ങി നാട്ടിലെത്തിയതിനുശേഷം ബംഗാൾ വിഭജനകാലം വരേയും ബറോഡയിലെ കോളേജിൽ ആദ്യം ഇംഗ്ലീഷ് പ്രൊഫസ്സറായും പിന്നീട് വൈസ് പ്രിൻസിപ്പലായും ജോലിയെടുത്തു.

# 6 തീവ്രവാദിയായ രാഷ്ട്രീയപ്രവർത്തകൻ

ഇംഗ്ലണ്ടിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ആശയങ്ങൾ, അവ്യക്തമായിട്ടാണെങ്കിലും, അദ്ദേഹത്തെ ആകർഷിച്ചു കഴിഞ്ഞിരുന്നു. 'താമരയും കഠാരിയും' എന്ന പേരിൽ വിപ്ലവകാരികളുടെ ഒരു രഹസ്യസംഘടന അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. പക്ഷേ, ഏറെക്കഴിയുന്നതിനു മുമ്പു തന്നെ അത് നാമാവശേഷമായി. ബറോഡയിലെത്തിയതിനു ശേഷം അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ കൂടുതൽ താല്പര്യം കാണിക്കാൻ തുടങ്ങി. ആദ്യം മുതൽക്കുതന്നെ അദ്ദേഹമൊരു തീവ്രവാദിയായിരുന്നു. 1893-ൽ 'ഇന്ദുപ്രകാശ്' എന്ന പത്രത്തിൽ 'പഴയ വിളക്കുകൾക്കു പകരം പുതിയവിളക്കുകൾ' എന്ന തലക്കെട്ടിലുള്ള ഒരു ലേഖനപരമ്പര അദ്ദേഹം പ്രസിദ്ധം ചെയ്തു. ആ ലേഖനങ്ങളിൽ പ്രാർത്ഥന, ഹർജി, പ്രതിഷേധം എന്നിവയെ അടിസ്ഥാനപ്പെടുത്തിയ അന്നത്തെ കോൺഗ്രസ് നയത്തെ കഠിനമായി ആക്ഷേപിക്കുകയും, 'സ്വാശ്രയത്തിന്റേയും നിർഭയതയുടേയും അടിസ്ഥാനത്തിലുള്ള ഒരു കർമ്മോന്മുഖമായ നേതൃത്വം ആവശ്യമായിരിക്കുന്നു' എന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹം എഴുതി:

> 'സാധ്യമാണെങ്കിൽ, അല്ലെങ്കിൽ, മറ്റു യാതൊരു മാർഗ്ഗവുമില്ലെങ്കിൽ, ഹിംസയുപയോഗിച്ചു സ്വാതന്ത്ര്യം നേടാൻ ഒരു രാജ്യത്തിനവകാശമുണ്ട്. ഹിംസ ഉപയോഗിക്കണോ വേണ്ടയോ എന്നുള്ളത് സാന്മാർഗികപരിഗണനകളെയല്ല, ഏതാണ് ഏറ്റവും നല്ല നയം എന്നതിനെയാണ് ആശ്രയിച്ചിരിക്കുന്നത്.'

കാശിയിൽവെച്ചു കൂടിയ കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. അതിനുമുമ്പുതന്നെ അദ്ദേഹം ലോകമാന്യതിലകനുമായി പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. ബംഗാൾ വിഭജനപ്രക്ഷോഭകാലത്ത്, 1906-ൽ കൽക്കത്തയിലെ നേഷണൽ കോളേജിന്റെ പ്രിൻസിപ്പാൾ ജോലിയും 'വന്ദേമാതരം' എന്ന പത്രത്തെ സ്സംബന്ധിച്ച പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ വേണ്ടി അദ്ദേഹം ബംഗാളിലേക്ക് പോയി. അവിടെവച്ച് വിപ്ലവകാരികളുടെ ചില രഹസ്യസംഘടനകളുമായി അദ്ദേഹം സജീവമായി ബന്ധം പുലർത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിസ്സഹകരണം, സ്വദേശിബഹിഷ്കരണം, ദേശീയവിദ്യാഭ്യാസം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ പരിപാടിക്കുവേണ്ടി 'വന്ദേമാതരം' പോരാടി.

# 7 ദേശീയത്വത്തിന്റെ ആദ്ധ്യാത്മികത

ബംഗാൾ വിഭജനപ്രക്ഷോഭത്തിൽ അരവിന്ദഘോഷും തിലകനും സഹപ്രവർത്തകരായിരുന്നു. രണ്ടുപേരും സാമ്രാജ്യാധിപത്യത്തിന്നെതിരായ ബഹിഷ്കരണം, സ്വദേശി തുടങ്ങിയ ഉശിരൻ പരിപാടികൾ പ്രചരിപ്പിക്കുകയും ബോംബും വെടിയുണ്ടയും ഉപയോഗിച്ചുകൊണ്ടുള്ള ഭീകരപ്രവർത്തനങ്ങളെ ന്യായീകരിക്കുകയും ചെയ്തു. രണ്ടുപേരും മതവും ആത്മീയവുമായ പാരമ്പര്യങ്ങളെ ഉയർത്തിപ്പിടിച്ചു.

എന്നാൽ, അരവിന്ദഘോഷിന്റെ വീക്ഷണഗതി കൂടുതൽ ആദ്ധ്യാത്മികമായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയവാദം ദേശീയപ്രസ്ഥാനത്തിന്റെ ഒരു ബാഹ്യരൂപം മാത്രമായിരുന്നില്ല. ജീവിതബന്ധങ്ങളുടെ യഥാർത്ഥമായ ഉള്ളടക്കത്തേപ്പോലും ആദ്ധ്യാത്മികമായ വീക്ഷണഗതിയിലൂടെ നോക്കിക്കാണാനാണ് അദ്ദേഹം ശ്രമിച്ചത്. മതപരമായ ഉത്സവങ്ങൾക്കുപോലും ദേശീയമായ ഒരു ഉള്ളടക്കം നൽകാനാണ് തിലകൻ പരിശ്രമിച്ചതെങ്കിൽ, നേരേ മറിച്ച്, ദേശീയപ്രക്ഷോഭങ്ങളിൽപോലും ആദ്ധ്യാത്മികതയെ കണ്ടുപിടിക്കാനാണ് അരവിന്ദൻ പണിപ്പെട്ടത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, 'രാഷ്ട്രത്തിൽക്കൂടി, നമ്മുടെ പൗരസഹോദരന്മാരിൽക്കൂടി, ദൈവത്തെ സാക്ഷാത്ക്കരിക്കാൻ പരിശ്രമിക്കുന്ന ഒരുമയാണ് ദേശീയത്വം.' മറ്റൊരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

> 'ദേശീയത്വം ഒരു രാഷ്ട്രീയപരിപാടി മാത്രമല്ല; അത് ദൈവത്തിൽ നിന്നാവിർഭവിച്ച ഒരു മതമാകുന്നു. അതു നിങ്ങൾ അനുവർത്തിച്ചു ജീവിക്കേണ്ട ഒരു വിശ്വാസമാണ്. നിങ്ങൾ ഒരു ദേശീയവാദിയായിത്തീരണമെങ്കിൽ, ദേശീയത്വമെന്ന ഈ പുതിയ മതത്തെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ, അത് ഒരു മതബോധത്തോടെ തന്നെ നിങ്ങൾ ചെയ്യണം. ദൈവത്തിന്റെ ഉപകരണങ്ങളാണ് നിങ്ങളെന്നോർക്കണം.'

1908-ൽ ഒരു ബോംബുകേസ്സ് സംബന്ധിച്ച് അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. പക്ഷേ, ഒരു കൊല്ലത്തെ വിചാരണയ്ക്കുശേഷം തെളിവില്ലായ്കയാൽ, കുറ്റക്കാരനല്ലെന്നു കണ്ട് ജയിലിൽ നിന്നു വിട്ടയയ്ക്കപ്പെട്ടു. വീണ്ടും അറസ്റ്റ് ചെയ്യപ്പെടുന്നതിനുമുമ്പായി 1910 ഏപ്രിൽ മാസത്തിൽ അദ്ദേഹം ഫ്രഞ്ചുകാരുടെ അധീനത്തിലുള്ള പുതുശ്ശേരിയിലെത്തി രക്ഷപ്പെട്ടു.

## 8 രാഷ്ട്രീയജീവിതത്തിൽ നിന്ന് ആത്മീയവാദത്തിലേക്ക്

പുതുശ്ശേരിയിലെത്തിയതിനുശേഷവും കുറച്ചുകാലം അദ്ദേഹം പുറത്തുള്ള വിപ്ലവകാരികളുമായി ബന്ധം പുലർത്തിക്കൊണ്ടിരുന്നു. എന്നാൽ, ക്രമത്തിൽ ക്രമത്തിൽ, അദ്ദേഹം ആത്മീയവാദത്തിന്റെ അഗാധതകളിലേക്ക് അധികമധികമുൾവലിഞ്ഞ് ആണ്ടിറങ്ങാൻ തുടങ്ങി. രാഷ്ട്രീയജീവിതത്തിലേക്ക് അദ്ദേഹത്തെ തിരിച്ചുകൊണ്ടു വരാൻവേണ്ടി ലാലാലജ്പത്റായി, സി.ആർ.ദാസ് മുതലായ നേതാക്കന്മാർ പുതുശ്ശേരിയിൽ പോയി നടത്തിയ നിവേദനത്തിന് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു:

> ‘ഞാൻ ഒരു മഹാശക്തിയെ തിരയുകയാണ്. ആ ശക്തി കരഗതമായാൽ അതിനെ അടിസ്ഥാനമാക്കി ഞാൻ വീണ്ടും പ്രവർത്തനത്തിലിറങ്ങുന്നതാണ്.’

ക്രമേണ അദ്ദേഹം ലൗകിക ജീവിതത്തിനു പിടികിട്ടാത്ത ഒരുയോഗിയായിത്തീർന്നു. തന്റെ ഈ പുതിയ ജീവിതാനുഭവത്തെപ്പറ്റി അദ്ദേഹം എഴുതുകയുണ്ടായി.

> ‘എന്റെ സ്വന്തം ‘യോഗ’ത്തിന്റെ പരിണാമഫലം നിർവാണ പ്രാപ്തിയായിരുന്നു. മാനസികചലനമോ ജീവചലനമോ സ്പർശിച്ച മലിനമാക്കാതെ, വിചാരത്തിനുമേലേ, വിചാരശൂന്യമായ ഒരവസ്ഥയിലേക്ക് അതുപെട്ടെന്ന് എന്നെ എടുത്തെറിഞ്ഞു. യാതൊരു ‘അഹം’ബുദ്ധിയും അതിൽ ഉണ്ടായില്ല; യഥാർത്ഥലോകം തന്നെയുമുണ്ടായിരുന്നില്ല. നിശ്ചലേന്ദ്രിയങ്ങളിൽക്കൂടി നോക്കുമ്പോൾ ഏതോ ഒന്നു കാണപ്പെട്ടു. അഥവാ, ആ നിശ്ശൂന്യനിശ്ശബ്ദതയിൽ ചില ശൂന്യരൂപങ്ങളുടെ-യഥാർത്ഥത്തിൽ ഉള്ളൊഴിഞ്ഞ ആന്തരസത്തയില്ലാത്ത, ചില നിഴലുകളുടെ — ഒരു ലോകം ഉണ്ടെന്നു തോന്നി. ഏകമോ അനേകമോ ആയ ഒന്നും തന്നെയുണ്ടായിരുന്നില്ല. മുഴുക്കെ പരമമായ ആ ഒന്ന്, അതൊന്നുമാത്രം, രൂപരഹിതവും ബന്ധരഹിതവും അവർണ്യവും കേവലവും അചിന്ത്യവും പരമവുമായ അത് ഏറ്റവും ഉയർന്ന യാഥാർത്ഥ്യമാണ്; ഏകമായ യാഥാർത്ഥ്യമാണ്. അതൊരു മാനസികാനുഭവമായിരുന്നില്ല. മേലേനിന്ന് ഒരു നിമിഷനേരത്തിൽ കണ്ട ഒന്നായിരുന്നില്ല. അതൊരനുഭവതത്വമായിരുന്നില്ല. അതു തികച്ചും യാഥാർത്ഥ്യാത്മകമായിരുന്നു-ഉറപ്പിക്കാവുന്ന ഒരേയൊരു യാഥാർത്ഥ്യം! അത് വിശാലമായ ഭൗതികലോകമായിരുന്നില്ല. ഒരു ഭാതികലോകത്തിന്റെ സാദൃശ്യം തോന്നിക്കുന്ന ഈ ലോകത്തെയാസകലം വ്യാപിച്ചുനില്ക്കുന്നതും അതിൽത്തന്നെ നിലനിൽക്കുന്നതും അതിനെ ആഴ്ത്തുകയോ സ്വകീയ പ്രവാഹത്തിൽ മൂടുകയോ ചെയ്യുന്നതുമായ ഒരു യാഥാർത്ഥ്യമായിരുന്നു അത്. അതൊഴിച്ച് മറ്റൊരു യാഥാർത്ഥ്യത്തിനും ഈ ലോകത്തിൽ നിൽക്കുവാൻ ഒട്ടും തന്നെ സ്ഥലമവശേഷിച്ചിരുന്നില്ല. മറ്റു യാതൊന്നും തന്നെ വാസ്തവികമോ സദ്ഭാവമുള്ളതോ കഴമ്പുള്ളതോ ആയിത്തോന്നുവാൻ അതൊട്ടനുവദിച്ചതുമില്ല. ഈ അനുഭവത്തിൽ, പക്ഷേ, ആഹ്ലാദജനകമോ ആനന്ദപ്രദമോ ആയി യാതൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ എനിക്ക് അങ്ങനെയൊന്നും തോന്നിയതുമില്ല. (കുറെ കൊല്ലങ്ങൾ കഴിഞ്ഞാണ് പരമമായ ആനന്ദം എനിക്കനുഭവപ്പെട്ടത്). ഈ അനുഭവം എനിക്കു നൽകിയത് അനിർവചനീയമായ ശാന്തിയും അപാരമായ നിശബ്ദതയും അനന്തമായ വിമോചനവും സ്വാതന്ത്ര്യവുമായിരുന്നു. രാവും പകലും ഞാൻ ആ നിർവാണത്തിൽ ജീവിച്ചു. ഹൃദയത്തിനുള്ളിലെ ആന്തരാനുഭവമായിരുന്ന അത്. അതിനെക്കുറിച്ചുള്ള നിരന്തരസ്മരണയും മടങ്ങിവരാനുള്ള അതിന്റെ ശക്തിയും എന്നിൽ നിലനിന്നു. അവസാനം അതിലും മഹത്തരമായ ഒരു പരിബോധാവസ്ഥയിൽ അതു വിലയിക്കുവാൻ തുടങ്ങി. അതിനിടയ്ക്ക് അനുഭവങ്ങൾക്കുമേൽ അനുഭവങ്ങൾ എത്തിച്ചേരുകയും നിർവാണത്തിന്റെ ഈ ആദ്യാനുഭവത്തോടു സമ്മേളിക്കുകയും ചെയ്തു.’

## 9 അരവിന്ദന്റെ ഗീതാരഹസ്യം

ലോകമാന്യതിലകനെയെന്നപോലെതന്നെ അരവിന്ദഘോഷിനേയും ഭഗവദ്ഗീത വളരെയധികം ആകർഷിക്കുകയുണ്ടായി;അദ്ദേഹവും ഗീതയെപ്പറ്റി ധാരാളം എഴുതിയിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗീതയുടെ രഹസ്യം കർമമല്ല, യോഗമാണ്. തിലകന് ഗീതയിൽ ഭക്തിയും ജ്ഞാനവുംയോഗവുമെല്ലാം കർമത്തിനു മാറ്റു കൂട്ടാനുള്ളവയാണ്; ലൗകികജീവിതത്തിലെ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കാൻ വേണ്ടിയുള്ളവയാണ്. അരവിന്ദന്റെ ഗീതയിലാകട്ടെ, നേരേമറിച്ച്, കർമ്മവും ജ്ഞാനവും ഭക്തിയുമെല്ലാം യോഗസാധനയ്ക്കു വേണ്ടിയുള്ളവയാണ്. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ, ‘പൂർണ ജ്ഞാനം, പൂർണകർമം, പൂർണഭക്തി എന്നിവ മുഴുക്കെ ഉദ്ഗ്രഥിച്ചും പൂർണമായി സംയോജിപ്പിച്ചും മനോമണ്ഡലത്തിനപ്പുറത്ത് വിജ്ഞാനതലത്തിലേക്കെത്തിക്കുകയും അവിടെ അവയ്ക്ക് പൂർണത കൈവരുത്തുകയുമാണ് ഈ യോഗപദ്ധതിയുടെ പ്രധാന തത്വം.’

അദ്വൈതവേദാന്തികളെപ്പോലെ ഭൗതികലോകം മുഴുക്കെ മായയും വിഭ്രാന്തിയുമാണെന്ന് അദ്ദേഹം പറയുന്നില്ല. ഭൗതികപ്രപഞ്ചം നിലനിൽക്കുന്നു. പക്ഷേ, അത് ആത്മീയമണ്ഡലത്തിലേക്കുള്ള ഒരു പരിണാമക്രമത്തിന്റെ ആരംഭം മാത്രമാണ്. അദ്ദേഹം എഴുതി:

> ‘അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നിങ്ങനെ ആത്മാവിന് അഞ്ച് ഉറകൾ, അഥവാ കോശങ്ങൾ ഉണ്ട്. മനുഷ്യൻ കൂടുതൽ കൂടുതൽ ഉയരും തോറും ആത്മീയ പരിണാമത്തിലെ ഏറ്റവും ഉയർന്ന ‘സിദ്ധി’ യെ കൂടുതൽക്കൂടുതലായി സമീപിക്കുന്നു. ഒരാൾ വിജ്ഞാനമയകോശത്തിൽ പ്രവേശിക്കുകയാണെങ്കിൽ ‘ആനന്ദ’ത്തിലേക്കുള്ള പരിണാമം എളുപ്പമായി. അങ്ങനെയായാൽ, അയാൾ സ്ഥലകാലാതിവർത്തിയായ പരബ്രഹ്മത്തിൽ മാത്രമല്ല, ഈ ശരീരത്തിൽ, ഈ ജീവിതത്തിൽ, ഈ ഭൗതികലോകത്തിൽത്തന്നെ — അനന്തമായ ആനന്ദത്തിൽ നിലകൊള്ളുന്നു. ‘സച്ചിദാനന്ദം’ പൂർണമായി ഉൽഫുല്ലമാകയും ജീവിതത്തെ പ്രഭാപൂരിതമാക്കുകയും ചെയ്യുന്നു. ഈ പരിശ്രമമാണ് എന്റെ യോഗപദ്ധതിയുടെ കേന്ദ്രരഹസ്യം.’

ഇന്ത്യയുടെ ആത്മീയമായ ദാർശനിക പാരമ്പര്യത്തിന്റെ അഗാധതകളിലേക്ക്, തിലകനും അരവിന്ദഘോഷും രണ്ടുപേരും ഇറങ്ങിച്ചെന്നു. അടിമത്തത്തിലാണ്ടു കിടക്കുന്ന തന്റെ നാട്ടുകാരെ കർമോന്മുഖരാക്കാനും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ അവരെ അണിനിരത്താനും തിലകൻ പുറത്തേക്കു തിരിച്ചുവന്നു. അരവിന്ദഘോഷ് തിരിച്ചുവന്നില്ല. 1950-ൽ ചരമം പ്രാപിക്കുന്നതുവരേയും സ്വാതന്ത്ര്യസമരത്തിന്റെ ഭൗതികമായ യാഥാർത്ഥ്യങ്ങളിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയാണ് അദ്ദേഹം ചെയ്തത്. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014